# ആമുഖം



കേരളത്തിൽ മാത്രമാണ് പഞ്ചവത്സര പദ്ധതി എന്ന ദീർഘകാല ആസൂത്രണ സംവിധാനം നിലവിലുള്ളത്. കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി 2022 ഏപ്രിൽ 1 ന് ആരംഭിക്കുകയാണ്. സംസ്ഥാനത്ത് ജനകിയാസൂത്രണം ആരംഭിച്ച ഇരുപത്തിയഞ്ച് വർഷം പിന്നിടുന്നു. കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും രാജ്യത്തിന് മാതൃകയാകുന്ന തലത്തിലേക്ക് ഉയർന്നു. ആരോഗ്യം, വിദ്യാഭ്യാസം, വനിതാ ശാക്തീകരണം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, വയോജന, യുവജന, ശിശു ക്ഷേമം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, അടിസ്ഥാന വികസനം, ഉത്പാദനം, വ്യവസായ, സേവനം, വികസനം തുടങ്ങിയ എല്ലാ മേഖലകളിലും വലിയ മുന്നേറ്റം വരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അനുദിനം കുറയുന്ന ധനവിഭവങ്ങൾ ,ഉയരുന്ന ചെലവുകൾ ,കോവിഡാനന്തര സാമ്പത്തിക തകർച്ച തൊഴിൽ നഷ്ടം എന്നിവ പരിഹരിക്കുന്നതിനുള്ള നൂതന ആശയങ്ങൾ കണ്ടെത്തി തൊഴിൽ ദായക പദ്ധതികൾ ഏറ്റെടുത്ത് സംരംഭകത്വ വികസനം ശക്തിപ്പെടുത്തി അതിജീവന ക്ഷമതയുള്ള സമൂഹം സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം. ഫലപ്രദമായ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി നടന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് വികസന രേഖ തയ്യാറാക്കൽ. അതിന്റെ ഭാഗമായി ആസൂത്രണസമിതി യോഗങ്ങൾ, ആസൂത്രണ ഉപസമിതി യോഗങ്ങൾ, വർക്കിങ് ഗ്രൂപ്പ് ഗ്രാമസഭ എന്നീ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ക്രോഡീകരിച്ചും, പഠനപര്യടനം പൂർത്തീകരിച്ചും ഓരോ പ്രദേശത്തിന്റെയും വികസന കാഴ്ചപ്പാടിലേക്ക് ഊന്നൽ നൽകിയുള്ള വികസന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രയത്നിക്കാം.

ഭരണസമിതിയ്ക്കുവേണ്ടി,

**അനിഷ എസ്.**
പ്രസിഡണ്ട്
നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്



**അനിഷ എസ്**
പ്രസിഡന്റ്



**സതീഷ്**
വൈസ് പ്രസിഡന്റ്



**സുരേഷ് എം.**
സെക്രട്ടറി



**രാജേഷ്കല വി**
ചെയർപേഴ്സൺ
വികസനകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി



**അനിത പി**
ചെയർപേഴ്സൺ
ആരോഗ്യം-വിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മിറ്റി



**മുത്തു**
ചെയർമാൻ
ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി



**അനിഷ യു.**
മെമ്പർ



**തങ്കവേലു**
മെമ്പർ



**മോഹനൻ എ**
മെമ്പർ



**ദേവയാനി കെ**
6–ാം വർഡ് മെമ്പർ



**പങ്കജം എം**
7–ാം വർഡ് മെമ്പർ



**പ്രീതി രാജൻ**
8–ാം വർഡ് മെമ്പർ



**സദാനന്ദൻ എ.**
9–ാം വർഡ് മെമ്പർ



**രമ്യ ആർ.**
10–ാം വർഡ് മെമ്പർ



**പ്രശാന്ത് ബി.**
11–ാം വർഡ് മെമ്പർ



**സി. ശിവൻ**
13–ാം വർഡ് മെമ്പർ



**മിഥുൻലാൽ എ.എം.**
15–ാം വർഡ് മെമ്പർ



**ശെൽവകുമാരി ജി.**
16–ാം വർഡ് മെമ്പർ



**ബിപിൻ സി.പി.**
18–ാം വർഡ് മെമ്പർ



**സുജാത എസ്.**
19–ാം വർഡ് മെമ്പർ


# പൊതുവിവരങ്ങൾ

| | | |
|---|---|---|
| വിലാസം | : | നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ആഫീസ്<br>നല്ലേപ്പിള്ളി പി ഒ, പാലക്കാട് ജില്ല<br>മെയിൽ – ddpnallepillypkd@gmail.com<br>Website:<br>www. http://lsgkerala.in/nallepillypanchayat |
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | നല്ലേപ്പിള്ളി |
| താലൂക്ക് | : | ചിറ്റൂർ |
| റവന്യൂ വില്ലേജുകൾ | : | ചിറ്റൂർ, തെക്കേദേശം, നല്ലേപ്പിള്ളി |
| വിസ്തീർണ്ണം | : | 28.00 Sq.Km |
| വാർഡുകൾ | : | 19 |
| പഞ്ചായത്തിലെ ജനസംഖ്യ (2011) | : | 32713 (എസ് സി-5468, എസ് റ്റി-146) |
| പുരുഷൻമാർ | : | 15936 |
| സ്ത്രീകൾ | : | 16777 |
| ജനസാന്ദ്രത | : | 1072 |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറ്റൂർ |
| ജില്ലാ പഞ്ചായത്ത് മണ്ഡലം | : | പാലക്കാട് |
| അസംബ്ലി മണ്ഡലം | : | ചിറ്റൂർ |
| പാർലമെന്റ് മണ്ഡലം | : | ആലത്തൂർ |

അതിരുകൾ :

| | | |
|---|---|---|
| വടക്ക് | : | എലപ്പുള്ളി, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | ചിറ്റൂർ പുഴ, പെരുമാട്ടി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | ചിറ്റൂർ-തത്തമംഗലം മുൻസിപ്പാലിറ്റി,<br>പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തുകൾ |
| : കിഴക്ക് | : | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് |

1. ചെട്ടികുളം
2. കൊറ്റമംഗലം
3. അത്തിക്കോട്
4. ശങ്കരച്ചാംപാളയം
5. മാട്ടുമന്ത
6. മാനംകുറ്റി
7. പാറക്കാൽ
8. മേട്ടുക്കട
9. കണക്കമ്പാറ
10. വാക്കിനിച്ചള്ള
11. കേണംപുള്ളി
12. മാഞ്ചിറ
13. ചന്ദനപ്പുറം
14. പന്നിപ്പെരുന്തല
15. കോട്ടപ്പള്ളം
16. തെക്കുമുറി
17. കലയാംകൊളുമ്പ്
18. നടുത്തറ
19. വടക്കന്തറ



# നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

| | വാർഡ് | പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | ചെട്ടികുളം | അനിഷ | 6238481379 |
| 2 | കൊറ്റംമംഗലം | സതീഷ് | 9809778882 |
| 3 | അത്തിക്കോട് | അനിഷ എസ് | 9995095180 |
| 4 | ശങ്കരച്ചാംപാളയം | തങ്കവേലു | 9747715380 |
| 5 | മാട്ടുമന്ത | മോഹനൻ എ | 9447839709 |
| 6 | മാനാംകുറ്റി | ദേവയാനി | 7293036732 |
| 7 | പാറക്കാൽ | പങ്കജവല്ലി | 9544427944 |
| 8 | മേട്ടുക്കട | പ്രീതിരാജൻ | 9048188338 |
| 9 | കണക്കമ്പാറ | സദാനന്ദൻ | 9447532331 |
| 10 | വാക്കിനിച്ചള്ള | രമ്യ | 6282881250 |
| 11 | കേണമ്പുള്ളി | പ്രശാന്ത് ബി | 9946229283 |
| 12 | മാഞ്ചിറ | മുത്തു | 9961487597 |
| 13 | ചന്ദനപ്പുറം | ശിവൻ സി | 9995194211 |
| 14 | പന്നിപ്പെരുന്തല | രാജേഷ്കല വി | 7558858432 |
| 15 | കോട്ടപ്പള്ളം | മിഥുൻലാൽ എ എം | 9633555034 |
| 16 | തെക്കുമുറി | ശെൽവകുമാരി ജി | 9995255274 |
| 17 | കലയാംകുളമ്പ് | അനിത പി | 9495781670 |
| 18 | നടുത്തറ | ബിപിൻ സി പി | 9447969353 |
| 19 | വടക്കന്തറ | സുജാത | 9745498702 |

## ആസൂത്രണ സമിതി അംഗങ്ങൾ

| | |
|---|---|
| അനിഷ എസ് | ചെയർമാൻ |
| സുരേഷ് എം | കൺവീനർ |
| ഹരിദാസ് | ഉപാധ്യക്ഷൻ |
| സതീഷ് കെ | അംഗം |
| കെ. മുത്തു | അംഗം |
| അനിത പി. | അംഗം |
| രാജേഷ് കല | അംഗം |
| എൻ. ഷിബു | അംഗം |
| ശാർങ്ങധരൻ | അംഗം |
| വി. ബിനു | അംഗം |
| എ. മുരുകദാസ് | അംഗം |
| മോഹനൻ എ. | അംഗം |

## ആസൂത്രണ ഉപ സമിതി അംഗങ്ങൾ

### ഉല്പാദന മേഖല

1. രാജൻ
2. മുരളീധരൻ
3. വേലായുധൻ
4. സുദേവൻ
5. ശ്രീജിത്ത്
6. കലാധരൻ
7. വാസു

### സേവനമേഖല

1. രാജൻ മാസ്റ്റർ വാളറ
2. കുഞ്ഞുകുഞ്ഞു
3. രവി
4. മോഹനൻ
5. രാമചന്ദ്രൻ
6. വൈദ്യനാഥൻ
7. ശശി
8. വിജയൻ
9. വേലായുധൻ

### പശ്ചാത്തലമേഖല

1. ബാലകൃഷ്ണൻ
2. സ്വാമിനാഥൻ
3. മോഹനൻ
4. സുരേഷ് ബാബു
5. കൃഷ്ണൻ
6. വിജയൻ
7. ചന്ദ്രൻ
8. അബുതാഹിർ
9. സുധീഷ്
10. ബാബുരാജ്

# 14-ാം പഞ്ചവത്സര പദ്ധതി തയാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ

## കൃഷി

| | | |
|---|---|---|
| 1. | ശ്രീദേവി | കൺവീനർ |
| 2. | പ്രശാന്ത് | ചെയർമാൻ |
| 3. | ശാർങ്ങാധരൻ | അംഗം |
| 4 | വിജയൻ | അംഗം |
| 5. | സുദേവൻ | അംഗം |
| 6. | കലാധരൻ | അംഗം |
| 7. | ചെന്താമര | അംഗം |
| 8. | നടരാജൻ | അംഗം |
| 9. | ബാലകൃഷ്ണൻ | അംഗം |
| 10. | പൊന്നുക്കുട്ടൻ | അംഗം |
| 11. | മുരളീധരൻ | അംഗം |
| 12. | രാജഗോപാലൻ | അംഗം |
| 13. | ശ്രീജിത്ത് | അംഗം |
| 14. | സേതുമാധവൻ | അംഗം |
| 15. | ശിവകുമാർ | അംഗം |

## മൃഗസംരക്ഷണം, ക്ഷീരവികസനം

| | | |
|---|---|---|
| 1. | ഫാത്തിമ | കൺവീനർ |
| 2. | സദാനന്ദൻ | ചെയർമാൻ |
| 3. | സഹദേവൻ | അംഗം |
| 4. | ഗംഗാധരൻ | അംഗം |
| 5. | മോഹനൻ | അംഗം |
| 6. | മണി | അംഗം |
| 7. | ചന്ദ്രിക | അംഗം |
| 8. | വാസു | അംഗം |
| 9. | ജയപാലൻ | അംഗം |
| 10. | രതീഷ് | അംഗം |
| 11. | കൃഷ്ണൻ | അംഗം |
| 12. | ഭാസ്കരനുണ്ണി | അംഗം |
| 13. | മുരുകദാസ് | അംഗം |

## ചെറുകിട വ്യവസായം

| | | |
|---|---|---|
| 1. | സിന്ധു | കൺവീനർ |
| 2. | മിഥുൻലാൽ | ചെയർമാൻ |
| 3. | പ്രവീൺ | അംഗം |
| 4. | രമേഷ് | അംഗം |
| 5. | അനന്തകൃഷ്ണൻ | അംഗം |
| 6. | രമേഷ് | അംഗം |
| 7. | ചന്ദ്രൻ | അംഗം |
| 8. | രഘുനാഥൻ | അംഗം |
| 9. | രതീഷ് | അംഗം |

## പൊതുമരാമത്ത്, വൈദ്യുതി, ഊർജ്ജം

| | | |
|---|---|---|
| 1. | സേതു എസ്. | കൺവീനർ |
| 2. | സി. ശിവൻ | ചെയർമാൻ |
| 3. | ഹരിദാസ് | അംഗം |
| 4. | സത്യനാരായണൻ | അംഗം |
| 5. | രാജഗോപാൽ | അംഗം |
| 6. | കൃഷ്ണകുമാർ | അംഗം |
| 7. | വേലായുധൻ | അംഗം |
| 8. | കലാധരൻ | അംഗം |
| 9. | സുനിത | അംഗം |
| 10. | സി ബാലകൃഷ്ണൻ | അംഗം |
| 11. | ശങ്കർ | അംഗം |

## ദാരിദ്ര്യ ലഘൂകരണം

| | | |
|---|---|---|
| 1. | നെൽസൺ | കൺവീനർ |
| 2. | രമ്യ | ചെയർമാൻ |
| 3. | ഗീത | അംഗം |
| 4. | രാമൻ | അംഗം |
| 5. | വിഘ്നേഷ് | അംഗം |
| 6. | സജിത | അംഗം |
| 7. | ചന്ദ്രിക | അംഗം |
| 8. | ദൈവാന | അംഗം |
| 9. | ജയന്ത | അംഗം |
| 10. | ജയകുമാരൻ | അംഗം |

# 14-ാം പഞ്ചവത്സര പദ്ധതി തയാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ

## സാമൂഹ്യക്ഷേമം

(വൃദ്ധർ,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

| | | |
|---|---|---|
| 1. | വസന്തകുമാരി | കൺവീനർ |
| 2. | ശെൽവകുമാരി | ചെയർമാൻ |
| 3. | രാജാമണി | അംഗം |
| 4. | കെ. പ്രേമ | അംഗം |
| 5. | ലതിക | അംഗം |
| 6. | വേലായുധൻ | അംഗം |
| 7. | ജയപ്രകാശ് | അംഗം |

## പട്ടികവർഗ്ഗ വികസനം

| | | |
|---|---|---|
| 1. | എസ് അനിഷ | ചെയർമാൻ |
| 2. | മേരി ബിബിയാന | കൺവീനർ |
| 3. | ദിവ്യ | അംഗം |
| 4. | അനിഷ ഷൺമുഖൻ | അംഗം |
| 5. | ശരത് | അംഗം |

## പട്ടികജാതി വികസനം

| | | |
|---|---|---|
| 1. | തങ്കവേലു | ചെയർമാൻ |
| 2. | മേരി ബിബിയാന | കൺവീനർ |
| 3. | രവീന്ദ്രൻ | അംഗം |
| 4. | സുബ്രമണ്യൻ | അംഗം |
| 5. | ഗോപാലൻ | അംഗം |
| 6. | പൊന്നു | അംഗം |
| 7. | കമലം | അംഗം |
| 8. | ദമയന്ത | അംഗം |
| 9. | കൃഷ്ണൻ | അംഗം |
| 10. | മാധവൻ | അംഗം |

## സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

| | | |
|---|---|---|
| | വസന്തകുമാരി | കൺവീനർ |
| 1. | പങ്കജം | :ചെയർമാൻ |
| 2. | ഗിരിജ | അംഗം |
| 3. | മനോഹരി | അംഗം |
| 4. | ദേവു | അംഗം |
| 5. | അനിത | അംഗം |
| 6. | വിനീത | അംഗം |
| 7. | ഇന്ദിര | അംഗം |
| 8. | ഗൗരി | അംഗം |

## ആരോഗ്യം

| | | |
|---|---|---|
| 1. | ശങ്കരസുബ്രഹ്മണ്യം | കൺവീനർ |
| 2 | അനിഷ യു. | ചെയർമാൻ |
| 2. | രതീഷ് | അംഗം |
| 3. | ശിവകുമാർ | അംഗം |
| 4. | ശശികുമാർ | അംഗം |
| 5. | ഹരിദാസ് | അംഗം |
| 6. | മേനക | അംഗം |
| 7. | പ്രജീഷ | അംഗം |
| 8. | പ്രഭാകരൻ | അംഗം |
| 9. | സുനിത | അംഗം |
| 10. | തങ്കം | അംഗം |
| 11. | പ്രഭാകരൻ | അംഗം |
| 12. | സ്റ്റാലിൻ | അംഗം |

## കുടിവെള്ളം, ശുചിത്വം

| | | |
|---|---|---|
| 1. | സേതു എസ്. | കൺവീനർ |
| 2. | പ്രീതി രാജൻ | ചെയർമാൻ |
| 1. | പ്രഭാകരൻ | അംഗം |
| 2. | അബുതാഹിർ | അംഗം |
| 3. | ബിന്ദു | അംഗം |
| 4. | സൗദാമിനി | അംഗം |

# 14-ാം പഞ്ചവത്സര പദ്ധതി തയാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ

### വിദ്യാഭ്യാസം, സംസ്കാരം, കല,കായികം, വിനോദം, യുവജനക്ഷേമം

| | | |
|---|---|---|
| 1. | ശശിധരൻ | കൺവീനർ |
| 2 | ബിപിൻ സി. പി. | ചെയർമാൻ |
| 3. | പ്രദീപ് | അംഗം |
| 4. | രാജൻ | അംഗം |
| 5. | വർഷ വേലായുധൻ | അംഗം |
| 6. | രമേഷ്കുമാർ | അംഗം |
| 7. | കൃഷ്ണൻകുട്ടി | അംഗം |
| 8. | സുനിൽ | അംഗം |
| 9. | സമീന | അംഗം |
| 10. | പ്രഭാകരൻ | അംഗം |
| 11. | വാസുദേവൻ | അംഗം |
| 12. | കാളിദാസ് | അംഗം |
| 13. | പി. വിജയൻ | അംഗം |

### ജൈവവൈവിധ്യ മാനേജ്മെൻറ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം

| | | |
|---|---|---|
| 1. | അനിഷ എസ് | ചെയർമാൻ |
| 2. | സുജാത | വൈസ് ചെയർമാൻ |
| 3. | സുരേഷ് എം | കൺവീനർ |
| 4. | സഹദേവൻ | അംഗം |
| 5. | വത്സല | അംഗം |
| 6. | ഷൺമുഖസുന്ദരം | അംഗം |
| 7. | കൃഷ്ണൻ | അംഗം |
| 8. | സുകുമാരൻ | അംഗം |
| 9. | സിന്ധു | അംഗം |
| 10. | സതീഷ് | അംഗം |
| 11. | കുഞ്ഞുകുഞ്ഞു | അംഗം: |
| 12. | അരുണാചലം | അംഗം |

### കണക്കുക്കൾ, രേഖകൾ, ജനസേവനം കാര്യക്ഷമാക്കൽ

| | | |
|---|---|---|
| 1. | മോഹനൻ | ചെയർമാൻ |
| 2 | സുരേഷ് എം. | കൺവീനർ |
| 3. | ചിദംബരം | അംഗം |
| 4. | വാസു | അംഗം |
| 5. | സജീവ് | അംഗം |
| 6. | പ്രഭാകരൻ | അംഗം |
| 7. | ഗീത ലക്ഷ്മി | അംഗം |
| 8. | അരുണ കുമാരി | അംഗം |
| 9. | ഗോകുൽ | അംഗം |
| 10. | ശെൽവൻ | അംഗം |
| 11. | സീന | അംഗം |

# ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|
| 1. | സുരേഷ് എം. | സെക്രട്ടറി | 9447621047 |
| 2. | മേരി ബിബിയാന | അസിസ്റ്റന്റ് സെക്രട്ടറി | 9447839524 |
| 3. | മധു എസ്. | ജൂനിയർ സൂപ്രണ്ട് | 9495889205 |
| 4. | ഗോപാലൻ വി. | അക്കൗണ്ടന്റ് | 9447296236 |
| 5. | അനീഷ്കുമാർ എ. | സീനിയർ ക്ലർക്ക് എ 4 | 9995347772 |
| 6. | സബീന എസ്. | സീനിയർ ക്ലർക്ക് എ 2 | 9846284411 |
| 7. | സുധ കെ. | സീനിയർ ക്ലർക്ക് എ 3 | 9495931476 |
| 8. | സമീന ജെ. | സീനിയർ ക്ലർക്ക് എ 5 | 8078122068 |
| 9. | പ്രമീള ബി. | ക്ലർക്ക് ബി 4 | 9567172769 |
| 10. | ജിതിൻ | ക്ലർക്ക് ബി 2 | 9562791306 |
| 11. | അമൃത എസ്. | ക്ലർക്ക് ബി 3 | 7030049015 |
| 12. | രാഹുൽ എസ്. | ക്ലർക്ക് ബി 5 | 9995205053 |
| 13. | ഷിബു എസ്. | ഓഫീസ് അറ്റൻഡർ | 8304804702 |
| 14. | ജ്യോതി ഇ. | ഓഫീസ് അറ്റൻഡർ | 9496435655 |
| 15. | ജാനകി പി.ടി. | എഫ്. റ്റി. എസ്. | 9446292185 |
| 16. | റഷീദ എം. എ. | എഫ്. റ്റി. എസ്. | 9447611998 |
| 17. | രേണുകാദേവി | ക്ലർക്ക് (മലയാളം-തമിഴ്) | 7559903591 |
| 18. | ദേവി എം. | എഫ്. റ്റി. എസ്. | 7994930570 |
| 19. | ആറുച്ചാമി ആർ. | കല്യാണ മണ്ഡപം കെയർടേക്കർ | 9387384274 |
| 20. | പ്രഭാകരൻ സി. | നൈറ്റ് വാച്ച്മാൻ | 9544883016 |
| 21. | ചന്ദ്രൻ എ. | എഫ്. റ്റി. എസ്. | 9048023390 |
| 21. | കൃഷ്ണകുമാർ പി കെ | ജീപ്പ് ഡ്രൈവർ | 9946373608 |
| 22. | സുനിത ബി. | പ്ലാൻ ഫെസിലിറ്റേറ്റർ | 9539192813 |
| 23. | രാജൻ കെ. | പമ്പ് ഓപ്പറേറ്റർ | 9645358043 |
| 24. | ശ്രീനിവാസൻ എം. | പമ്പ് ഓപ്പറേറ്റർ | 9745280258 |
| 25. | കിട്ടുണ്ണി ആർ. | പമ്പ് ഓപ്പറേറ്റർ | 9605544065 |
| 26. | കൃഷ്ണൻ വി | പമ്പ് ഓപ്പറേറ്റർ | 9946089920 |
| 2 | ഷൺമുഖ സുന്ദരം എൻ. | പമ്പ് ഓപ്പറേറ്റർ | 9446810334 |

## തൊഴിലുറപ്പ് വിഭാഗം (എം. ജി. എൻ. ആർ. ഇ. ജി. എ.)

| ക്രമ നം | പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|
| 1. | ദിവ്യ ആർ. | അക്രഡിറ്റഡ് എഞ്ചിനിയർ | 7510367126 |
| 2. | സുമിത വി. ബാബു | ഓവർസിയർ | 8301020192 |
| 3. | സബിത ബി. | അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9495321919 |
| 4. | ജയലക്ഷ്മി പി. എസ്. | അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9633690433 |
| 5. | സജിത ബി. | അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 7907713231 |
| 6. | ലിജിമോൾ വി. | ബെയർ ഫൂട്ട് എഞ്ചിനിയർ | 9061966180 |

## നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളും വിലാസവും

| | | | |
|---|---|---|---|
| 1. | കൃഷി ഭവൻ | (കൃഷി ആഫീസർ) | 8281312325 |
| 2. | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്. ജി. ഡി., നല്ലേപ്പിള്ളി പി. ഒ. | സേതു എസ് (അസിസ്റ്റന്റ് എഞ്ചിനീയർ) | 9995687092 |
| 3. | പ്രാഥമികാരോഗ്യ കേന്ദ്രം, നല്ലേപ്പിള്ളി | ഡോ. ബാലസുബ്രഹ്മണ്യം (മെഡിക്കൽ ഓഫീസർ) | |
| 4. | മൃഗാശുപത്രി, മാഞ്ചിറ | ഡോ. ഫാത്തിമ (വെറ്ററിനറി സർജൻ) | 9249850885 |
| 5. | ആയുർവ്വേദ ഡിസ്പെൻസറി, നല്ലേപ്പിള്ളി | ഡോ.പ്രവീൺ (മെഡിക്കൽ ഓഫീസർ) | 9497267159 |
| | ഹോമിയോ ഡിസ്പെൻസറി | ഡോ. മിഥുൻ (മെഡിക്കൽ ഓഫീസർ) | 9447493931 |
| 7. | യുനാനി ഡിസ്പെൻസറി | (മെഡിക്ക ൽ ഓഫീസർ) | 9995409400 |
| 8. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | (സർക്കിൾ 1) | 9048197294 |
| 9. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | (സർക്കിൾ 2) | 9645921955 |
| 10. | ഐ. സി. ഡി. എസ്. സെന്റർ, ചിറ്റൂർ | വസന്തകുമാരി, സൂപ്പർവൈസർ | 9497122746 |
| 11. | ജി. യു. പി. എസ്., നല്ലേപ്പിള്ളി | ശശിധരൻ, ഹെഡ്മാസ്റ്റർ | |
| 12. | ഡയറിഫാം ഇൻസ്ട്രക്ടർ | പ്രിയങ്ക | |

# ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

ഭൂപ്രകൃതിയനുസരിച്ച് ഇടനാട് മേഖലയിൽപ്പെട്ട പ്രകൃതിസുന്ദരമായ ഗ്രാമമാണ് നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്. 28 ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്ത് പ്രദേശം പൊതുവെ തെക്കുനിന്ന് വടക്കോട്ട് ചരിഞ്ഞു കിടക്കുന്നു. കറുത്തമണ്ണ് കൂടുതലായി കാണപ്പെടുന്ന ഈ പ്രദേശത്ത് പ്രധാന കൃഷി നെല്ലാണ്. നെൽക്കൃഷി 2000 ഹെക്ടർ പ്രദേശത്തായി വ്യാപിച്ച് കിടക്കുന്നു. കൃഷിക്ക് അനുയോജ്യമല്ലാത്ത 24 ഹെക്ടർ പ്രദേശം തരിശുഭൂമിയാണ്. ഉയർന്ന കുന്നുകൾ എന്ന് പറയാവുന്നത് കണക്കമ്പാറ കോളനിക്കുന്നും, കേണമ്പുള്ളി മലയുമാണ്. ഉയരം കുറഞ്ഞ പീഠഭൂമി ഭൂഭാഗങ്ങൾ മുഴുവനും കുടിയിരുപ്പുകളും തെങ്ങ്, പുളി, മാവ് തുടങ്ങിയ വൃക്ഷങ്ങൾ കൊണ്ട് നിറഞ്ഞതുമാണ്. പീഠഭൂമിയുടെ താഴ്വരകൾ മുഴുവനും നെൽപ്പാടങ്ങളും കുളങ്ങളുമുണ്ട്.

നെൽപ്പാടങ്ങളുടെയും കരിമ്പനകളുടെയും ഈ ഗ്രാമം തികച്ചും കാർഷിക മേഖലയാണ്. പഞ്ചായത്തിലെ കൃഷിനിലങ്ങളെ പ്രധാനമായും നീർക്കെട്ടുള്ള നിലം (പൂന്തൽ), താരതമ്യേന നീർക്കെട്ട് ഇല്ലാത്ത സ്ഥലം (പൊറ്റ), തരിശുഭൂമി (കാട്) എന്നിങ്ങനെ മൂന്നായി തരം തിരിക്കാവുന്നതാണ്. ഇതിൽ പൂന്തൽ പ്രദേശങ്ങളിൽ ഇരുപ്പൂ നെൽകൃഷിയും പൊറ്റകളിൽ ഒരുപ്പൂ നെൽക്കൃഷിയും കരിമ്പും, കാടുകളിൽ പരുത്തിയും ചോളവും നിലക്കടലയുമാണ് കൃഷി ചെയ്തുവരുന്നത്. നെല്ലിനു പുറമേ വാഴ, കവുങ്ങ്, തെങ്ങ്, ഇഞ്ചി, മഞ്ഞൾ, കരുമുളക് തുടങ്ങിയവയും കൃഷി ചെയ്യുന്നു.

## ജനസംഖ്യ

2011 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 44200 ആണ്. ഇതിൽ 24040 പുരുഷന്മാരും 20160 സ്ത്രീകളുമാണ് ഉള്ളത്. പഞ്ചായത്തിന്റെ ജനസാന്ദ്രത 1072 (ഒരു ച.കി.മീ.യിൽ താമസിക്കുന്ന ജനങ്ങളുടെ എണ്ണം). സ്ത്രീപുരുഷ അനുപാതം 1099 ആണ്. പഞ്ചായത്തിന്റെ സാക്ഷരത 68.96 ശതമാനമാണ് (പുരുഷ സാക്ഷരത 62.6 ശതമാനവും, സ്ത്രീ സാക്ഷരത 54 ശതമാനവുമാണ്). ജനസംഖ്യയിൽ 85 ശതമാനവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. 2011-ലെ ജനസംഖ്യ സെൻസസ് പ്രകാരമുള്ള കണക്കുകൾ ലഭ്യമായിട്ടില്ലെങ്കിലും വളർച്ചാനിരക്ക് കൂടിയതായിട്ടാണ് കാണുന്നത്. ചെറുകിട വ്യവസായ മേഖലയിലും പരമ്പരാഗത തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നവർ വളരെ വിരളമാണ്. കേരളത്തിന്റെ മൊത്തം വികസന സ്ഥിതിവിശേഷം പരിശോധിക്കുകയാണെങ്കിൽ ഈ പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നു.

## ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുമത വിശ്വാസികളാണ്. ഇവരിൽ അഗ്രഹാരങ്ങളിൽ താമസിക്കുന്ന തമിഴ് ബ്രാഹ്മണർ, അമ്പലവാസികളായ മാരാർ, നായർ, ഈഴുവ വിഭാഗങ്ങളുണ്ട്. കൂടാതെ ഇസ്ലാംമത വിശ്വാസികളും ക്രിസ്തുമത വിശ്വാസികളും ഇവിടെ താമസിക്കുന്നു. പണ്ടുകാലങ്ങളിൽ പല ഉച്ചനീചത്വങ്ങളും ജാതിവിവേചനങ്ങളും നിലനിന്നിരുന്നു എങ്കിലും ഈ കാലഘട്ടത്തിൽ എല്ലാ വിഭാഗം ജനങ്ങളും ഐക്യത്തോടെയും പരസ്പരം സഹാനുഭൂതി യോടെയുമാണ് ജീവിച്ചുവരുന്നത്. പഞ്ചായത്തിലെ വിവിധ അഗ്രഹാരങ്ങളും, നായർതറ, ആണ്ടിത്തറ, കൊല്ലത്തറ, കൊശത്തറ, ആശാരിത്തറ, മുതലിയാർത്തറ, വാണിയാർത്തറ എന്നീ തറകളെല്ലാംതന്നെ വിവധ ജാതീയവും, സാംസ്കാരികവുമായ തനിമകൾ നിലനിർത്തുന്ന കേന്ദ്രങ്ങളാണ്. ആകെ ജനസംഖ്യയുടെ 16 ശതമാനം വരുന്ന ജനങ്ങൾ പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ്. ഏകദേശം 60 പട്ടികവർഗ്ഗ കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

തമിഴ്നാടിനോട് അടുത്ത് സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് ചരിത്രാതീതകാലം മുതൽക്കുതന്നെ മലയാള ദേശക്കാരോടൊപ്പം തമിഴരും തുല്യമായ തോതിൽ ഇവിടെ താമസിച്ചുവരുന്നു. വളരെ ദുർലഭമായി കന്നടക്കാരും തെലുങ്കരും ഇവിടെ താമസിച്ചുവരുന്നു. നിലവിൽ ജനസംഖ്യയിൽ ഗണ്യമായ വിഭാഗം തമിഴ് സംസാരിക്കുന്ന ജനതയാണ്. ചുരുക്കത്തിൽ തമിഴ് മലയാള സംസ്കൃതിയുടെ ഒരു സംഗമ ഭൂമിയാണ് ഈ പ്രദേശം.

# സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി

പാലക്കാട്ട് രാജാവും പാണ്ഡ്യരാജാക്കന്മാരും തമ്മിൽ ഉണ്ടായിട്ടുള്ള പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച പ്രദേശമാണ് നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്. തുടർന്ന് ഈ പ്രദേശം പഴയ കൊച്ചീരാജ്യത്തിന്റെ ഭാഗമായി മാറി. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും കൊച്ചീ രാജകുടുംബവുമായി ബന്ധമുണ്ടായിരുന്ന അങ്കാരത്ത്, ചോണ്ടത്ത്, വാര്യത്ത് തുടങ്ങിയ ജന്മി കുടുംബങ്ങളുടെ വകയായിരുന്നു. 1940 കൾക്ക് മുമ്പ് തുടങ്ങിയിട്ടുള്ള ദേശീയ കർഷക പ്രസ്ഥാനങ്ങളുടെ ഭാഗമായി രൂപം പ്രാപിച്ച കർഷക പ്രസ്ഥാനങ്ങൾ ഈ പ്രദേശത്തിന്റെ സാമൂഹിക പരിഷ്കരണത്തിന് മുതൽക്കൂട്ടായിരുന്നു.

വിവിധ മത-ഭാഷാ സംസ്കാരങ്ങളുടെ ഒരു സംഗമ ഭൂമിയാണ് പാലക്കാട് ചുരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്. പഴയ കാലത്തെ സാംസ്കാരിക തനിമയും പ്രൗഢിയും വിളിച്ചോതുന്ന ഒട്ടനവധി ആരാധനാലയങ്ങളും ഉത്സവങ്ങളും ഇവിടെ നടക്കുന്നുണ്ട്. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വിഭാഗങ്ങൾ സഹവർത്തിത്വത്തോടെ താമസിക്കുന്ന ഇവിടെ നിരവധി ആരാധനാലയങ്ങളുണ്ട്. കർണ്ണകിയുടെ പ്രതിഷ്ഠയുള്ള ചുണങ്ങിഭഗവതി ക്ഷേത്രത്തിലെ ഉത്സവവും കതിരോത്സവവും ശൂരസംഹാര മഹോത്സവവും, വിഷ്ണുക്ഷേത്രത്തിലെ ആറാട്ടുമാണ് ഇവിടുത്തെ പ്രധാന ആഘോഷം. പ്രസിദ്ധമായ കൂത്ത് മഹോത്സവവും വർഷംതോറും നടന്നുവരുന്നുണ്ട്. നല്ലേപ്പിള്ളിയിലെ നാരായണാലയം ശിവക്ഷേത്രം, ചുണങ്ങി ഭഗവതി ക്ഷേത്രം, വിഷ്ണു ക്ഷേത്രം എന്നിവയാണ് പ്രധാന ഹൈന്ദവ ആരാധനാലയങ്ങൾ. അട്ടപ്പള്ളത്തെ സി.എസ്.ഐ. ചർച്ച്, കുറ്റിപ്പള്ളത്തെ ബഥേൽ ആശ്രമം, നല്ലേപ്പിള്ളിയിലെ ഗോസ്പൽ ഹോം എന്നിവയാണ് ക്രിസ്ത്യാനികളുടെ പ്രധാന ആരാധനാ കേന്ദ്രങ്ങൾ, നൂറുൽ ഹുദാ മസ്ജിദ്, കുറ്റിപ്പള്ളം ജുമാ മസ്ജിദ്, കണക്കമ്പാറ മസ്ജിദ് എന്നിവയാണ് മുസ്ലിംകളുടെ പ്രധാന ആരാധനാലയങ്ങൾ. കൂടാതെ ശാസ്ത്രീയ സംഗീതം, കഥകളി, ഓട്ടംതുള്ളൽ, പാടകം, ചാക്യാർകൂത്ത് എന്നീ കലാപ്രകടനങ്ങളുടെ കേന്ദ്രമായിരുന്നു ഈ പ്രദേശം.

# സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വികസനം കാർഷികമേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതുകൊണ്ടുതന്നെ കാർഷികമേഖലയിൽ ഉണ്ടാകുന്ന ഏതൊരു പ്രതിസന്ധിയും ഈ പ്രദേശത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു. കർഷകരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷി ഭൂമിയുള്ള നാമമാത്ര കർഷകരാണ്. വ്യവസായ മേഖലയിൽ വലിയ തൊഴിൽ സംരംഭങ്ങൾ പറയത്തക്കതൊന്നുംതന്നെയില്ല. ഗതാഗതവിഭവസ്രോതസ്സുകൾ ലഭ്യമാക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാനും വിപണനം ചെയ്യുന്നതിനുമുള്ള അവസരങ്ങൾ നിരവധിയുണ്ടെങ്കിലും ആയത് യഥാവിധി പ്രയോജനപ്പെടുത്താത്തതുമൂലം പ്രദേശത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച തടസ്സമായി നിൽക്കുന്നു. ജനസംഖ്യയിൽ വളരെ കുറച്ച് ജനങ്ങൾ പരമ്പരാഗത തൊഴിൽ ചെയ്യുന്നു. കഴിഞ്ഞ പഞ്ചവത്സര കാലയളവിൽ പഞ്ചായത്ത് ഏറ്റെടുത്ത പ്രവർത്തനങ്ങൾവഴി അടിസ്ഥാന മേഖലയിൽ കാര്യമായ വികസന പ്രവർത്തനം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഗതാഗതം, കുടിവെള്ളം, വൈദ്യുതി, ഭാവന നിർമ്മാണം തുടങ്ങിയ മേഖലകളിൽ വലിയ തോതിൽ വികസനം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും ആയതിന് ആനുപാതികമായി മാനവശേഷി വികസന കാര്യത്തിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മാനവശേഷി വികസന സൂചകങ്ങളായ പ്രതിശീർഷ വരുമാനം, ജനന-മരണ നിരക്ക്, വിദ്യാഭ്യാസം എന്നിവയുടെ കാര്യത്തിൽ ഇപ്പോഴും പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ട്. പതിനൊന്ന് പഞ്ചവത്സര പദ്ധതികൾ പിന്നിടുമ്പോഴും വികസിക്കാത്ത വ്യക്തിയും, വികസിക്കാത്ത കുടുംബവും നമുക്കുമുന്നിൽ ചോദ്യചിഹ്നമായി നിൽക്കുന്നു.

# 9-ാം പദ്ധതി തയ്യാറാക്കുവാൻ നടന്ന ശ്രമങ്ങൾ

ആസൂത്രണം താഴെത്തട്ടിൽ നിന്ന് എന്ന ആശയം മുൻനിർത്തിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. 1997 ഏപ്രിൽ മുതൽ ആരംഭിക്കുന്ന 9-ാം പദ്ധതിക്കാവശ്യമായ രൂപരേഖ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണമെന്നാണ് 1996 ജൂലൈ 14ന് ചേർന്ന സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനമെടുത്തത്. ഇതിനായി പ്രത്യേക ഗ്രാമസഭകൾ കൂടണമെന്നും ഗ്രാമസഭകളിൽ നിന്നും രൂപപ്പെടുന്ന നിർദ്ദേശങ്ങളുടെയും സ്ഥിതി വിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ അതാത് പഞ്ചായത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കണമെന്നും ഗവ. തീരുമാനിക്കുകയുണ്ടായി. ഇതിന്റെ വിജയത്തിനായി കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയർമാനായും മുൻ മുഖ്യമന്ത്രിമാരും മററും അടങ്ങുന്ന ഒരു ഉന്നതതല ഉപദേശക സമിതി, മാർഗ്ഗനിർദ്ദേശക സമിതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഇതോടൊപ്പം തന്നെ വിവിധ വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ശൃംഖല ഇതിനായി രൂപീകരിച്ചിരുന്നു. ഒന്നാം ഘട്ടത്തിൽ ഗ്രാമസഭകൾ ഫലപ്രദമായി വിളിച്ചുകൂട്ടി അവിടെ നിന്നും പ്രശ്നങ്ങളും, നിർദ്ദേശങ്ങളും തിട്ടപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. ഇതിന് വേണ്ടുന്ന സംസ്ഥാനതല പരിശീലനം 300 പേർക്ക് 3 ഘട്ടങ്ങളിലായി നടന്നു. ഇതിൽ പങ്കെടുത്തവരെ കെ. ആർ. പി (കീ റിസോഴ്സ് പേഴ്സൺ) എന്നു വിളിക്കുന്നു. അതിന് ശേഷം രണ്ട് ബ്ലോക്കുകൾക്ക് വീതം ജില്ലാതല പരിശീലനം നടന്നു. ഇതിൽ ബ്ലോക്കിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5 പേരെ വീതം പങ്കെടുപ്പിച്ചു. ഇവരെ ഡി. ആർ. പി. (ജില്ലാ റിസോഴസ് പേഴ്സൺ) എന്നു വിളിക്കുന്നു. ചിററൂർ, കൊല്ലങ്കോട് ബ്ലോക്കുകൾക്കായുള്ള ജില്ലാതല പരിശീലനം നല്ലേപ്പിള്ളി പഞ്ചായത്ത് കമ്മ്യൂണിററി ഹാളിൽ വെച്ച് നടന്നു. ഇതിൽ ഈ പഞ്ചായത്തിൽ നിന്ന് എൻ.കെ. ഓമന, രാമചന്ദ്രൻ, രത്നമ്മ ടീച്ചർ, രത്നകുമാർ, മുത്തു, മുരുകദാസ്, കണ്ടച്ചാമി, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ പങ്കെടുത്തു. ഈ ക്യാമ്പ് സെപ്ററംബർ 11,12,13 തിയ്യതികളിലാണ് നടന്നത്. ഇതിനുശേഷം 17-9-96 ന് പഞ്ചായത്തിൽ സംഘാടക സമിതി രൂപീകരിച്ചു. പ്രസിഡണ്ട് ശ്രീമതി. എ. ശെൽവം ചെയർമാനും 9-ാം വാർഡ് മെമ്പർ ശ്രീ. ഭാസ്കരനുണ്ണി കൺവീനരുമായുള്ള സമിതിയാണ് രൂപം കൊണ്ടത്. പഞ്ചായത്ത്തല ഏകദിന പരിശീലന ക്യാമ്പ് 19-9-96 ന് നടന്നു. ഇതിൽ ഓരോ വാർഡിൽ നിന്നും 5 പേർക്ക് വീതം പരിശീലനം കൊടുത്തു. ഇവരെ എൽ. ആർ. പി (ലോക്കൽ റിസോഴ്സ് പേഴ്സൺ) എന്നുവിളിക്കുന്നു. ഈ ക്യാമ്പിൽ 102 പേർ പങ്കെടുത്തു. ഇതിൽ 12 സ്ത്രീകളാണ്. ഗ്രാമസഭകൾ കൂടുന്നതിന് മുമ്പായി പ്രചരണ പ്രവർത്തനങ്ങൾ നടന്നു. 20-9-96 ന് പഞ്ചായത്തിലെ എല്ലാ വാർഡുകളെയും സ്പർശിച്ചുകൊണ്ടുള്ള 3 കാൽനട ജാഥകൾ നടന്നു. വാർഡുതല സംഘാടക സമിതികൾ രൂപീകരിച്ചിരുന്നു. പോസ്റ്റർ, ബാനർ, ബോർഡ്, ചുമർ, സ്ക്വാഡ് എന്നിവ പ്രചരണത്തിന്റെ ഭാഗമായി നടന്നു. 6-ാം വാർഡിൽ പ്രചരണത്തിന്റെ ഭാഗമായി ചെണ്ടകൊട്ടി പ്രചരണവും നടന്നു. സംസ്ഥാന ആസൂത്രണ സമിതി നിർദ്ദേശിച്ചതുപോലെ പൊതു അവധി ദിവസങ്ങളിൽ തന്നെയാണ് പഞ്ചായത്തിൽ ഗ്രാമസഭകൾ കൂടിയത്. 21-9-96 ന് പഞ്ചായത്ത് കമ്മ്യൂണിററി ഹാളിൽ വെച്ച് 9-ാം വാർഡ് ഗ്രാമസഭയാണ് പഞ്ചായത്ത് തലത്തിൽ ഉദ്ഘാടനം ചെയ്തത്. ജില്ലാ പഞ്ചായത്തിലെ ഗ്രാമസഭകൾ 6-10-96 ന് പൂർത്തിയായി. വിവിധ ഗ്രാമസഭകൾ ബ്ലോക്ക് പ്രസിഡണ്ട്, ബ്ലോക്ക് വൈസ് പ്രസിഡണ്ട്, ബ്ലോക്ക് മെമ്പർ, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ ഉദ്ഘാടനം ചെയ്തു. ഗ്രാമസഭകളിൽ ആകെ 1766 പേർ പങ്കെടുത്തു. ഇതിൽ പുരുഷന്മാർ 1268 സ്ത്രീകൾ 498 ആണ്. ഏററവും കൂടുതൽ സ്ത്രീകൾ പങ്കെടുത്ത വാർഡ് ആണ്. ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്തത് 5,6,7 എന്നീ വാർഡുകളിലാണ് 226 വീതം.

ഇതോടൊപ്പംതന്നെ സ്ഥിതിവിവര കണക്കുകളുടേയും, ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണത്തിനായും 2 തവണ L.R.P. മാരുടെ യോഗം വിളിച്ചിരുന്നു. 2-ാം ഘട്ട പ്രവർത്തനങ്ങളുടെ ജില്ലാ പരിശീലനം നവംബർ 24, 25, 26 എന്നീ തിയ്യതികളിൽ നല്ലേപ്പിള്ളി കമ്മ്യൂണിററി ഹാളിൽ വെച്ച് നടന്നു. ഇതിൽ 1-ാം ഘട്ടത്തിലെ പരിശീലകർക്കു പുറമെ പഞ്ചായത്തിൽ നിന്നും മുകുന്ദൻ, ഹൃദയസ്വാമി, ഹക്കീം എന്നിവർകൂടി ഉണ്ടായിരുന്നു. ഇതിനുശേഷം 31-10-96 ന് ഏകദിന L.R.P. ക്യാമ്പ് നടന്നു. ഇതിൽവെച്ച് പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവിധ കോർ ഗ്രൂപ്പുകളെ നിയോഗിച്ചു. അവർ തയ്യാറാക്കിയ പഞ്ചായത്തിലെ വിവിധ വികസന തുറകളെ സംബന്ധിച്ച് സമഗ്രമായ വികസന റിപ്പോർട്ടാണ് ഇത്. ഈ വികസന സെമിനാറിൽ വെച്ച് വിവിധ വികസന മേഖലകളിലെ കർമ്മസമിതി രൂപീകരിക്കുകയും ഈ കർമ്മ സമിതി വികസന റിപ്പോർട്ടിലെ സാധ്യതകളെ സ്കീമുകളാക്കി മാറ്റുകയും ചെയ്യും. ഓരോ കർമ്മസമിതിയുടേയും ചെയർമാൻ വാർഡ് മെമ്പറും, കൺവീനർ അതാത് വകുപ്പ് ഉദ്യോഗസ്ഥരും, ജോയിന്റ് കൺവീനർ ഒരു ഡി. ആർ. പി. യും ആയിരിക്കും.

## പ്രവർത്തനരേഖ

കേരളത്തിൽ നടക്കുന്ന ജനകീയ ആസൂത്രണത്തെക്കുറിച്ച് പഠിക്കാൻ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ കേരളത്തിൽ വന്നിരുന്നു. അതിൽ പാലക്കാട് ജില്ലാ പ്രതിനിധികളായി എത്തിയ രാജസ്ഥാനിൽ നിന്നുള്ള നാലംഗസംഘം നമ്മുടെ പഞ്ചായത്തിൽ 5 ദിവസം തങ്ങുകയും പഞ്ചായത്തിൽ നടക്കുന്ന ജനകീയ ആസൂത്രണ പ്രവർത്തനത്തേക്കുറിച്ചും സ്പെഷ്യൽ ഗ്രാമസഭകളേക്കുറിച്ചും നേരിട്ട് പഠിക്കുകയും ചെയ്തു. വിവിധ ഗ്രാമസഭകളിലും, വാർഡുതല സംഘാടക സമിതികളിലും അവർ പങ്കെടുത്തു. രാജസ്ഥാനിലെ ദാരാ ജില്ലയിലെ നാഹർഘട്ട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മാങ്കി ദായ് ബാട്ടിയ, കർണാഹേട്ട പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സവിതാ ശർമ്മ എന്നിവരും മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജെയിൻ, ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി പ്രവർത്തകനായ ശ്രീ. വിജയ് രാഘവ് എന്നിവരായിരുന്നു സംഘാംഗങ്ങൾ.

## ജനാധികാര കലാജാഥ

ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി ബ്ലോക്കുതല കലാജാഥകൾ സംഘടിപ്പിച്ചിരുന്നു. ഗ്രാമസഭകളിൽ പങ്കെടുക്കേണ്ടതിനേക്കുറിച്ചും ജനകീയാസൂത്രണത്തിന്റെ പ്രസക്തിയുമായിരുന്നു കലാജാഥയുടെ സന്ദേശം. ചിറ്റൂർ, കൊല്ലങ്കോട് ബ്ലോക്കുകളിലെ കലാജാഥാ അംഗങ്ങൾക്ക് നല്ലേപ്പിള്ളിയിലെ അണ്ണാൻതോട്ടിൽ വെച്ച് ഒക്ടോബർ 8 മുതൽ 14 വരെ പഞ്ചായത്തിൽ നിന്നും, കൃഷ്ണകുമാർ, ഷിബു, ബിന്ദു, സുനിത എന്നിവർ പങ്കെടുത്തു. ചിറ്റൂർ ബ്ലോക്കിന്റെ നേതൃത്വത്തിലുള്ള കലാജാഥ 20-10-96 ന് നല്ലേപ്പിള്ളി പഞ്ചായത്തിലെ നെടുങ്ങോട്, കണക്കൻപാറ, പാറക്കളം, അപ്പുപ്പിള്ളയൂർ, നല്ലേപ്പിള്ളി എന്നീ സ്ഥലങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ബ്ലോക്കുതല കലാജാഥയുടെ സമാപനം നല്ലേപ്പിള്ളിയിൽ വെച്ചായിരുന്നു.

# 13-ാം പഞ്ചവത്സര പദ്ധതി

# തിരിഞ്ഞുനോട്ടം

# പ്രകൃതി ദുരന്തങ്ങളും അതിജീവനവും

കേരള സംസ്ഥാനമൊട്ടാകെ മാറ്റിമറിക്കപ്പെട്ട പല ദുരന്തങ്ങളിലൂടെ ഇക്കഴിഞ്ഞ കാലയളവ് കഴിഞ്ഞുപോയത്. അതിൽ പ്രളയം, ഓഖി, വിവിധ മഹാമാരികൾ, പ്രത്യേകിച്ച് കോവിഡ് പോലുള്ള രോഗങ്ങൾ. അതിൽ പ്രധാന പങ്ക് വഹിച്ചുവരുന്നത് വിവിധ സർക്കാർ വകുപ്പുകൾ, പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന ജനങ്ങൾ എന്നിവരുൾപ്പെട്ടതാകുന്നു എന്നത് പറയാതെ വയ്യ.

ഇതിൽ പ്രളയം സംഭവിച്ച വീടും കുടുംബവും നഷ്ടപ്പെട്ടവരെ രക്ഷിക്കുവാനും അവരെ മാറ്റി പാർപ്പിക്കുവാനുമായി പല കേന്ദ്രങ്ങൾ സജ്ജമാക്കുകയും വീട് നഷ്ടപ്പെട്ടവർക്ക് വേണ്ടിവരുന്ന അവശ്യവസ്തുക്കൾ. കൃത്യസമയത്ത് എത്തിക്കുവാനും അവരെ മുന്നോട്ട് കൊണ്ടുവരുവാൻ മുഖ്യപങ്ക് വഹിച്ചത് നമ്മുടെ സർക്കാർ വകുപ്പുകൾ. ഊണും, ഉറക്കവുമൊഴിച്ച് പ്രവർത്തിക്കുകയായിരുന്നു. പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

പ്രളയം തുടർക്കഥയായിരിക്കെ ഇപ്പോൾ കോവിഡ് പോലുള്ള മഹാമാരി രംഗത്തെത്തിയിരിക്കുകയാണ്. ഓരോ കാലയളവുകഴിയുന്തോറും ഘട്ടം ഘട്ടമായി പലതരത്തിലുള്ള മഹാമാരി കടന്നുവരികയും അത് പ്രദേശമൊട്ടാകെ വ്യാപിക്കുകയുമാണ് ചെയ്യുന്നത്. ഇപ്പോഴും തൽസ്ഥിതി തുടരുന്നുണ്ട്. ആയത് പൂർണ്ണമായും അവസാനിക്കുന്നില്ല എന്നത് മനസ്സിലാക്കേണ്ടവയിൽ ഒന്നാണ്.

എന്നിരുന്നാലും ഏതൊക്കെ തരത്തിലുള്ള പ്രതിസന്ധികൾ കടന്നുവന്നാലും ആയതിനെ തരണം ചെയ്യുവാനുള്ള കഴിവ് ഉണ്ട്. ആയതിന് വേണ്ട നടപടികൾ കൃത്യമായി സർക്കാർ നിർദ്ദേശം പാലിച്ച് മുന്നോട്ടുപോയി എന്നാണ് നമ്മൾ പറയേണ്ടതും അനുസരിക്കേണ്ടതും. ആയതിന് വേണ്ടി പലതരത്തിലുള്ള ദുരന്തനിവാരണ പദ്ധതികൾ കാഴ്ച്ചവെച്ചു എന്നതാണ്. കോവിഡുമായി എടുത്തു പറയുകയാണെങ്കിൽ ഹെൽപ്പ്ഡെസ്ക്കുകൾ, വാർഡുതല കമ്മിറ്റികൾ, രോഗബാധിതപ്രദേശത്തെ കേന്ദ്രീകരിച്ച് ക്ലസ്റ്ററുകൾ ബോധവൽകരണ പരിപാടികൾ, പൊതു ഇടങ്ങളിലും മറ്റും സാമൂഹിക അകലം പാലിക്കൽ, തിരക്കു കുറക്കൽ, വിവിധ വാർഡുകളിലെ കോവിഡ് രോഗികളെ കണ്ടെത്തുകയും കൃത്യമായ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്തു.

ചുരുക്കിപ്പറയുകയാണെങ്കിൽ ആയതിന് കൃത്യസമയത്ത് ക്യാമ്പുകൾ ക്രമീകരിക്കുകയും. കമ്യൂണിറ്റി കിച്ചൺ, ജനകീയ ഹോട്ടൽ എന്നിവ യഥാസമയം, യഥാവിധി, കൃത്യമായി മേലുദ്യോഗസ്ഥർ നടത്തിയെന്നുമാണ്.

ഈ പലതരത്തിലുള്ള മഹാമാരികളും പ്രകൃതി ദുരന്തങ്ങളും യഥാസമയം മാറ്റം സൃഷ്ടിക്കുന്നത് കാലാവസ്ഥാവ്യതിയാനം തന്നെയാണ് എന്നത് എടുത്തുപറയെണ്ടതും ചർച്ച ചെയ്യപെടേണ്ടതുമാണ്.

നമുക്ക് പൊതുവേ ഈ ചർച്ചകളിൽ നിന്ന് മനസിലാകുന്നത് ഏത് പ്രതിസന്ധികടന്നുവന്നാലും ജീവനക്കാരുടേയും, ജനങ്ങളുടേയും കൃത്യമായ സമീപനവും, ബോധവത്ക്കരണവും സർക്കാർ കൃത്യസമയത്തുള്ള നിർദ്ദേശത്തോട് മുന്നോട്ടു പോയാൽ ഏത് അവസ്ഥയും മറികടക്കാൻ കഴിയും എന്നാണ്.

## ദീർഘവികസന കാഴ്ചപ്പാടും മുൻഗണനകളും

### ഫോറം. 1.1 :

1. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും കുടിശ്ശികതുക പിരിച്ചെടുത്തും പ്രാദേശിക വികസനം സാദ്ധ്യമാക്കുന്ന പദ്ധതികൾ.
2. പഞ്ചായത്തിനെ ജനസൗഹൃദ ഓഫീസാക്കി മാറ്റുക.
3. കാർഷിക മേഖലയുടെ ആധുനികവത്കരണം വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുക.
4. പരിസ്തിതിക്കു കോട്ടം വരാത്ത രീതിയിൽ പുതിയ വൻകിട-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി ജനങ്ങൾക്ക് കൂടുതൽ തൊഴിലും വരുമാനവും കണ്ടെത്തുക.
5. മൃഗസംരക്ഷണ മേഖലയിലെ തൊഴിലവസരങ്ങളെ പ്രോത്സാഹിപ്പിക്കുക.
6. ഗതാഗത മേഖലയിലെയും ഊർജ്ജ മേഖലയിലെയും അടിസ്ഥാന സൗകര്യം വികസനം.
7. എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുക.
8. മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന പദ്ധതികൾ.
9. കലാ-കായിക സാംസ്കാരിക രംഗത്ത് ആവശ്യമായ പദ്ധതികൾ.
10. ആശ്രയപദ്ധതി വഴി ദാരിദ്ര്യ നിർമ്മാർജ്ജനം.
11. മാറാരോഗികൾക്കും കുടുംബത്തിനും സാന്ത്വനം പരിപാടി.

### മുൻഗണനകൾ

1. സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കി കാര്യക്ഷമമായ രീതിയിൽ ജനസേവനം നടപ്പിലാക്കുക.
2. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
3. കാർഷിക മേഖലയിലെയും അനുബന്ധമേഖലയിലെയും ഉത്പാദനം വർദ്ധിപ്പിക്കുക.
4. വൻകിട-ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകി ജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക.
5. ജനങ്ങളുടെ രോഗാതുരത കുറയ്ക്കുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനുമുള്ള പദ്ധതികൾ.
6. മാറാവ്യാധികൾ കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്കും അവരുടെ കുടുംബത്തിനും എല്ലാവിധ സഹായങ്ങളും എത്തിക്കുക.
7. സമ്പൂർണ്ണ ഭവനപദ്ധതി.
8. എല്ലാവർക്കും ശുചിത്വത്തോടെ ജീവിക്കുവാനുള്ള സാഹചര്യം.
9. പഞ്ചായത്തിന് സ്വന്തമായി മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്.
10. ഗവ: സ്കൂളുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും അടിസ്ഥാന വികസനത്തിന് ഊന്നൽ.
11. കലാ-കായിക രംഗത്തെ വികസനത്തിനായി അത്യാധുനിക സൗകര്യത്തോടുകൂടിയ ഒരു ഓഡിറ്റോറിയവും സ്റ്റേഡിയവും നിർമ്മാണം.
12. നല്ല റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും.
13. ആശ്രയ പദ്ധതി.
14. വൃദ്ധർ, ശിശുക്കൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പരിപാടി.
15. ശിശുക്കൾക്കും കൗമാരപ്രായക്കാർക്കും പൂരക പോഷകാഹാര പരിപാടി.
16. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം.
17. സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണം.
18. അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു കമ്മ്യൂണിറ്റി ഹാൾ.

## ഫോറം 1. 2

# ദീർഘവികസന കാഴ്ചപ്പാടും മുൻഗണനകളും : വിഷയമേഖലാടിസ്ഥാനത്തിൽ

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : **കണക്കുകളും രേഖകളും തയ്യാറാക്കൽ**

1. ജനസേവനം കാര്യക്ഷമമാക്കുക.

വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ / ആവശ്യങ്ങൾ :-

1. ജനങ്ങൾക്ക് കൃത്യസമയത്തുതന്നെ കാലതാമസം കൂടാതെ സേവനം നൽകാൻ കഴിയണം.
2. പഞ്ചായത്ത് ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ച് എല്ലാ ജീവനക്കാർക്കും കമ്പ്യൂട്ടർ നൽകണം.
3. ജീവനക്കാരുടെ കുറവ് പരിഹരിക്കണം.
4. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം.

.

നയസമീപനം / കാഴ്ച്ചപ്പാട് :-

1. പഞ്ചായത്തിൽ വരുന്ന ജനങ്ങളോട് അനുഭാവപൂർവ്വം അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരമാവധി സഹായം നൽകുന്നതാണ്.

വികസന തന്ത്രം :-

1. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിച്ചും കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുത്തും പ്രാദേശിക വികസനം സാദ്ധ്യമാക്കുന്ന പദ്ധതികൾ ഏറ്റെടുക്കും.

മുൻഗണനകൾ :-

1. ജനങ്ങൾക്ക് കാര്യക്ഷമമായി സേവനം നടത്തുക.
2. കണക്കുകളും രേഖകളും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കുക.
3. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക.
4. ഹെൽപ്പ് ഡെസ്ക്ക് സംവിധാനം ഏർപ്പെടുത്തുക.
5. പഞ്ചായത്തിന്റെയും കോമ്പൗണ്ടിലെ മറ്റ് ഓഫീസുകളുടെയും സുരക്ഷിതത്വത്തിനായി ഒരു പി. ടി. എൻ. ഡബ്ലു. വിന്റെ തസ്തിക സൃഷ്ടിക്കുക.

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : **കൃഷിയും അനുബന്ധമേഖലയും**

വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ / ആവശ്യങ്ങൾ :-

1. കൃഷിഭൂമിയുടെ അളവ് കുറഞ്ഞ് വരുന്നു.
2. തരിശുഭൂമിയുടെ ഉപയോഗം.
3. ഉത്പാദനക്ഷമത കൈവരിക്കുക.
4. കൃഷി അനുബന്ധമേഖലയിലെ വികസനം .
5. കർഷകർക്ക് ധനസഹായം.

നയസമീപനം / കാഴ്ച്ചപ്പാട് :-

1. നല്ലയിനം വിത്തുകളും ശാസ്ത്രീയ രീതികളും അവലംബിച്ച് ഉത്പാദനം വർദ്ധിപ്പിക്കുക.
2. കൃഷി അനുബന്ധമേഖലയുടെ സമഗ്രവികസനം.
3. കർഷകർക്ക് ആവശ്യമായ സഹായം.

വികസനതന്ത്രം :-

1. കാർഷിക മേഖലയിൽ നൂതനമായ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുക.

മുൻഗണനകൾ :-

1. തരിശുഭൂമിയിൽ ഉത്പാദനം നടത്തുന്നതിനുള്ളപദ്ധതികൾ.
2. സമഗ്ര നെൽക്കൃഷിവികസനം
3. തെങ്ങ് കൃഷി, പച്ചക്കറി കൃഷി, പുഷ്പ കൃഷി, മത്സ്യ കൃഷി തുടങ്ങിയവയ്ക്ക് പ്രോത്സാഹനം .
4. സമ്പൂർണ്ണ യന്ത്രവൽക്കരണം
5. തൊഴിലുറപ്പു പദ്ധതിയുടെ വ്യാപനം.
6. മഹിളാ കിസാൻ ശാക്തീകരൺ പരിയോജന.

## അദ്ധ്യായം - 3

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : **മൃഗസംരക്ഷണവും ക്ഷീരവികസനവും**

വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ / ആവശ്യങ്ങൾ :-

1. ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവ്.
2. കാലികളുടെ ഉയർന്ന വില.
3. ശാസ്ത്രീയ പരിശീലനത്തിന്റെ അഭാവം.
4. തൊഴിലാളികളുടെ ലഭ്യതക്കുറവ്.
5. ഉയർന്ന മൂലധന ചെലവ്.
6. അർഹരായ ഗുണഭോക്താക്കളുടെ അഭാവം.

നയസമീപനം കാഴ്ചപ്പാട് :-

1. ശാസ്ത്രീയമായ രീതിയിലുള്ള പശു പരിപാലനം .
2. സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിലെ സമ്പത്ത് വർദ്ധനവ്.
3. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദന വർദ്ധനവിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക.

വികസന ത്രന്തം :- `

1. ഗ്രാമീണജനങ്ങളെ മൃഗസംരക്ഷണ മേഖലയിലെതൊഴിലവസരങ്ങളും വരുമാനവും കണ്ടെത്തി ആവശ്യമായ പ്രോത്സാഹനം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുക.

മുൻഗണനകൾ :-

1. ഉൽപ്പാദന വർദ്ധനവ്.
2. ഉൽപ്പാദന വർദ്ധനവ് വഴിയുള്ള സാമ്പത്തിക പുരോഗതി .
3. പശു, ആട്, മുട്ടക്കോഴി എന്നിവയുടെ വിതരണം നടത്തുക.
4. മൃഗാശുപത്രി സുസജ്ജമാക്കുക.

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : **ചെറുകിട വ്യവസായം**

വിഷയ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ / ആവശ്യങ്ങൾ :-

1. ചെറുകിട വ്യവസായ സംരംഭങ്ങളോടുള്ള സമീപനം മാറണം.
2. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രാത്സാഹനവും സാമ്പത്തിക സഹായവും നൽകണം.
3. വിദഗ്ദ്ധ പരിശീലനത്തിന്റെ അഭാവം.
4. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
5. എൻ.ആർ.എൽ.എം., കുടുംബശ്രീ ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ സംയോജിപ്പിച്ചുള്ള പദ്ധതികൾ.

നയസമീപനം കാഴ്ചപ്പാട് :-

1. പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കുക.
2. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി വികസനം സാദ്ധ്യമാക്കുക.

വികസന തന്ത്രം :-

1. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പുതിയ വൻകിട-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി ദാരിദ്ര്യ നിർമ്മാർജ്ജനവും ക്ഷേമരാഷ്ട്രവും കെട്ടിപ്പടുക്കുക.

മുൻഗണനകൾ :-

1. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക.
2. സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം.
3. തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക.
4. മാർക്കറ്റിംഗിനുള്ള സൗകര്യമേർപ്പെടുത്തുക.

## അദ്ധ്യായം - 3

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : **പൊതുമരാമത്ത്**

വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ / ആവശ്യങ്ങൾ :-

1. ഉൾഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ശാസ്ത്രീയമായ നിർമ്മാണം.
2. റോഡുകളുടെ ആവർത്തന ചിലവ് ഒഴിവാക്കുന്നതിനായി ഗുണമേന്മ ഉറപ്പ് വരുത്തുക.
3. എല്ലാ പ്രദേശങ്ങളിലും വൈദ്യുതി. പാരമ്പര്യ ഊർജ്ജശ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദനം.

നയ സമീപനം കാഴ്ച്ചപ്പാട് :-

1. വാർഡ് അടിസ്ഥാനത്തിലുള്ള വികസനത്തിലുപരി പഞ്ചായത്തിനെ പൊതുവായി ലക്ഷ്യം വച്ചുള്ള പദ്ധതികൾ.
2. ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ച് ആവർത്തന ചെലവ് ഒഴിവാക്കുക.

വികസന തന്ത്രം :-

1. പഞ്ചായത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്ന തരത്തിൽ ഗതാഗത മേഖലയിലേയും ഊർജ്ജമേഖലയിലേയും അടിസ്ഥാന സൗകര്യവികസനം.

മുൻഗണനകൾ :-

1. തീരെ ഗതാഗതസൗകര്യമില്ലാത്ത പ്രദേശങ്ങൾക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് മുൻഗണന.
2. കേടായ റോഡുകളുടെ റിപ്പയർ.
3. എല്ലാ വീടുകൾക്കും വൈദ്യുതി.
4. സ്വന്തമായി കെട്ടിടമില്ലാത്ത ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം.
5. നടപ്പാലങ്ങളുടെ നിർമ്മാണം.

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : **ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം**

വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ / ആവശ്യങ്ങൾ :-

1. സമ്പൂർണ്ണ ഭവനനിർമ്മാണം നടപ്പിലാക്കുക.
2. ഭവനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
3. കുടുംബശ്രീ വഴി സ്വയം തൊഴിൽ ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക.
4. റിവോൾവിംഗ് ഫണ്ട് അനുവദിക്കുക.
5. ബാങ്കുകൾ മുഖേന കൂടുതൽ വായ്പ നൽകുക.
6. അർഹരായ ഗുണഭോക്താക്കളെ മാത്രം തെരഞ്ഞെടുക്കുക.

നയ സമീപനം കാഴ്ച്ചപ്പാട് :-

1. സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതി.
2. സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിലെ സമ്പത്ത് വർദ്ധനവ് .

വികസനതന്ത്രം :-

